ടെക്നിക് നടപ്പിലാക്കുവാൻ സാധിക്കുമോ എന്നും പരിശോധിച്ചുവരുന്നു. കൂടാതെ കഞ്ചാവ് കൃഷി പൂർണ്ണമായും നശിപ്പിക്കുന്നതിന് കേന്ദ്രസഹായത്തോടെ സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതി

15 [390] ശ്രീ. സി. പി. മുഹമ്മദ്:
,, ജി. കാർത്തികേയൻ:
,, വർക്കല കഹാർ:
ഡോ. എം. എ. കുട്ടപ്പൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതി അസാദ്ധ്യമാക്കി തീർക്കുന്ന എന്തെല്ലാം നടപടികളാണ് അമേരിക്ക സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നടപടികൾ സംസ്ഥാനത്ത് നിന്ന് അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ട്;

(സി) ഇതിന് എപ്രകാരം പരിഹാരം കാണാനുദ്ദേശിക്കുന്നു?

### ഉത്തരം

(എ) ഇന്ത്യയിൽനിന്നുള്ള ശീതീകരിച്ച ചെമ്മീൻ കയറ്റുമതിക്ക് 2004 ആഗസ്റ്റ് 4-ാം തീയതി മുതൽ 10.17% ആൻറി ഡമ്പിംഗ് ഡ്യൂട്ടി അമേരിക്ക ചുമത്തിയതാണ് ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയിൽ കുറവുണ്ടാകുവാൻ.

(ബി) അമേരിക്കയുടെ നടപടി മൂലം സംസ്ഥാനത്തുനിന്ന് അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയിൽ കുറവു വന്നിട്ടുണ്ട്. 2003 ആഗസ്റ്റ് മുതൽ 2004 മാർച്ച് വരെയുള്ള കാലയളവിൽ (8 മാസം) 2569 ടൺ ചെമ്മീൻ കയറ്റുമതി ചെയ്തിരുന്നു. 2004 ആഗസ്റ്റ് മുതൽ 2005 മാർച്ച് വരെയുള്ള കാലയളവിൽ ആയത് 2153 ടൺ ആയി കുറഞ്ഞു. 2003-2004-ൽ കയറ്റുമതിയിൽ നിന്ന് 59.31 കോടി രൂപ ലഭിച്ചുപ്പോൾ 2004-2005-ൽ അത് 57.97 കോടി രൂപയായി താഴ്ന്നു.

(സി) ഭാരതത്തിലെ സമുദ്രോല്പന്ന കയറ്റുമതി അസോസിയേഷൻ അമേരിക്കയുടെ ഈ നടപടിക്കെതിരെ അന്താരാഷ്ട്ര ട്രേഡ് കമ്മീഷനിൽ ഒരു പരാതി ഫയൽ ചെയ്തു. നമ്മുടെ താൽപര്യം സംരക്ഷിക്കുന്നതിന് വേണ്ടതായ നടപടികൾ സ്വീകരിക്കാൻ അമേരിക്കയിലെ വിൽക്കിഫാർ ആൻറ് ഗല്ലാർ (ഡബ്ല്യൂ. എഫ്. ജി.) എന്ന നിയമ സ്ഥാപനത്തെ ഏർപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതിയിൽ വന്ന കുറവു മൂലം സംസ്ഥാനത്തിനുണ്ടാകാവുന്ന വൈഷ്യത്തുകയും ഈ സ്ഥാപനം ബന്ധപ്പെട്ട അധികാരികളെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly